മയ്യനാട് ഷാഹുദ്ദീൻ

# ചിന്താവിഷ്ടയായ ശ്യാമളയ്ക്കൊരു പ്രണയലേഖനം



കത്തിക്ക് മൂർച്ച കൂട്ടുകയായിരുന്നു കുട്ടി. ആരെയും അതിലിടപെടാൻ അവൻ അനുവദിച്ചില്ല. അത്തരം ഇടപെടൽ ഉത്തരാധുനികതയുടെ ലക്ഷണമാണെന്ന് അവനറിയില്ലായിരുന്നു. വളരെ ശ്രദ്ധയോടെ ഒരു കർമ്മം അനുഷ്ഠിക്കുകയായിരുന്നു അവൻ. ചുറ്റും നടക്കുന്നതൊന്നും അവൻ അറിഞ്ഞിരുന്നില്ല. അവനൊരു തപസ്യയിലായിരുന്നു. (അക്കിത്തം അച്യുതൻ നമ്പൂതിരിയാണ് പ്രസിഡണ്ട്).

ഇപ്പോൾ അവൻ നടക്കുകയാണ്. ഇരിക്കാൻ ഒരിടം തേടിത്തുടങ്ങിയിട്ട് കുറച്ചു നേരമായി. ടി.വിയിൽ ക്രിക്കറ്റ് അടിച്ച് തിമിർക്കുകയാണ്. അവൻ അത് കാണാൻ നിന്നില്ല. കത്തിയുടെ മൂർച്ച റൺസുകളായി വാരിക്കൂട്ടുകയാണ്. ഒരു റൺ, ഒരു ബൗണ്ടറി, ഒരു സിക്സർ, ഹാഫ്സെഞ്ച്വറി, സെഞ്ച്വറി. തീനാമ്പു പോലെ കത്തി നീണ്ട് വരികയാണ്. മൂർച്ച കൂടി വരികയാണ്. റൺസ് കൂടുകയാണ്. വത്സലൻ വാതുശ്ശേരിയുടെ സെഞ്ച്വറി എന്ന കഥ അവൻ വായിച്ചിരുന്നില്ല. കഷ്ടം! കഥ എഴുതുന്നതിനിടയിൽ വത്സലൻ വാതുശ്ശേരിയും എൻ.എസ്. മാധവനുമൊക്കെ കടന്നു വരുന്നത് എന്തു കഷ്ടമാണ്. ഒരു നല്ല വായനക്കാരൻ നല്ല കഥകളിലെ അത്തരം രംഗങ്ങൾ ഓർത്തുവയ്ക്കും എന്നത് പുതിയ എഴുത്തുകാരൻെറ ശാപം തന്നെയാണ്.

പരിതാപകരമായ ഇന്ത്യൻ അവസ്ഥയെക്കുറിച്ച് ചോര പൊടിക്കുന്ന ഒരു കഥ എഴുതാനിരുന്നതാണ് ഞാൻ. ഈ നശിച്ച മഴക്കാലം അതെല്ലാം തണുപ്പിച്ചു കളഞ്ഞു.

"മഴക്കാലമാണ് മറക്കേണ്ട കുഞ്ഞേ...."(അൻവർ പണ്ടേങ്ങോ മനസ്സിൽ കൂടുകൂട്ടിയതാണ്).

കഥയെഴുത്തിൽ ഇത്തരം ഇടപെടലുകൾ അനിവാര്യമായിരിക്കുന്നു....

കുഴഞ്ഞല്ലോ....

കുട്ടിയെ കാണാനില്ല. അവൻ മൂർച്ച കൂട്ടിയ കത്തിയുമായി എഴുന്നേറ്റു പോയതറിഞ്ഞില്ല.

കഥാകൃത്തറിയാതെ കഥാപാത്രം പോകുകയോ-(ലൂയി പിരാന്തലോയും കടന്നു വരുന്നു.) മൂത്രമൊഴിക്കാൻ പോയതായിരിക്കും.

ദൈവമേ! ഒരു ദളിത് യുവതിയുടെ കദനകഥയിൽ മുകുന്ദൻെറ കരിംബായി മൂത്രമൊഴിച്ചല്ലോ. അത്തരം ഒരു ഉത്തരാധുനിക വഴിത്തിരിവ് എൻെറ കഥയ്ക്കും വന്നുചേരുകയാണോ. ദൈവമേ! ഞാനാരായിത്തീരാൻ പോകുന്നു. കുട്ടിയെ കാണാനില്ല.

എന്തെങ്കിലും ഒന്നുടനെ ചെയ്തേ

പറ്റു. അവൻെറ കൈയിൽ കത്തിയുണ്ട്. അപകടം വിളിച്ചു വരുത്താൻ സാദ്ധ്യതയുണ്ട്.

പോലീസിലറിയിച്ചാലോ?

അത് കൂടുതൽ കുഴപ്പമാകും. അനാശാസ്യപ്രവർത്തനം മുഴുവൻ അവർ എൻെറ തലയിൽ കെട്ടിവെയ്ക്കും.

ഞാനൊരു കോളേജധ്യാപകനാണല്ലോ. പന്തളക്കാരനല്ലെങ്കിലും.

പത്രത്തിൽ പരസ്യം ചെയ്താലോ.

കുട്ടി നിന്നതും നടന്നതുമൊക്കെ സ്കെച്ച് ചെയ്ത് അവർ നൂറുമേനി വിളയുന്ന ഫീച്ചറാക്കിമാറ്റും. അവാർഡും തരപ്പെടും.

കുട്ടിയുടെ ഒരു നഗ്നഫോട്ടോയുടെ ബ്ലോഅപ്പ് കൊടുക്കും.

മീഡിയാസ്കാൻ അതിൻെറ സംസ്കാരച്യുതിയെ ചോദ്യം ചെയ്യും.

പനച്ചി മീഡിയാ സ്കാനിനെ സ്കാൻ ചെയ്യും.

വെള്ളാപ്പള്ളി നടേശൻ കേരളകൗമുദിയിലൂടെ പ്രസ്താവനയിറക്കും.

എം. കൃഷ്ണൻ നായർ അവനെ ചെക്കോവിൻെറ വാങ്കോയോടുപമിക്കും.

സുഗതകുമാരി കാണാതായ മക്കൾക്കുവേണ്ടി കവിതയെഴുതും. റേഡിയോയിൽ പാടും. ടി.വിയിൽ അവതരിപ്പിക്കും. പുസ്തകമാക്കും. തെരഞ്ഞെടുത്ത കൃതികളുടെ കൂട്ടത്തിൽ പെടുത്തി വീണ്ടും പ്രസിദ്ധീകരിക്കും.

ഞാൻ ഇനി എന്തു ചെയ്യും ?

ഇവൻ എവിടെപ്പോയി ?

ഇനി തിരക്കിപ്പിടിച്ചു കൊണ്ടുവന്നാൽ തന്നെ അവനെക്കൊണ്ടെന്തു ചെയ്യിക്കാനാ ?

ഒസ്താൻസുലൈമാൻ കാക്കയെപ്പോലെ ഒരു ബാർബർ ഷാപ്പു തുടങ്ങാം.

അറവുകാരൻ അസീസിനെപ്പോലെ ഒരു മാടിനെക്കൊല്ലാം.

മീൻകാരൻ മൊയ്തീനെപ്പോലെ മീൻവെട്ടാം.

പക്ഷേ ഇതുകൊണ്ടൊന്നും കഥയുടെ ദൗത്യം നിറവേറുന്നില്ലല്ലോ.

അപ്പൻസാറിന് അതിൽ ലാവണ്യഭംഗി വേണം.

കെ. ഇ. എന്നിന് പ്രത്യയശാസ്ത്ര പോരാട്ടം വേണം.

ഹഫീസിന് അതിൽ സോഷ്യോളജിക്കൽ ടച്ചു വേണം.

അല്ലേ- ഇതെല്ലാം കൂടി ഒരാൾ ഒറ്റയ്ക്ക് ഒരു കഥയിൽ എങ്ങനെയാണ് തിരുകിക്കയറ്റുന്നുന്നത്.

ഇതിനൊന്നും വയ്യെങ്കിൽ എന്തിന് ഈ പണിക്കുപോയി ?

നജാത്തുള്ള പറഞ്ഞിട്ട് - മാഗസിൻ എഡിറ്റർ.

നിലവിളി.

ആരോ ഓടുന്നു.

നജാത്തുള്ള...

പിന്നിൽ നിവർത്തിപ്പിടിച്ച കത്തിയുമായി എൻെറ കുട്ടി. കാണാതെപോയ കുട്ടി.

നില്ക്കവിടെ... നീ എന്താ കാണിക്കുന്നത് ?

''സർഗ്ഗപ്രതിഭ നശിച്ചവനെക്കൊണ്ട് എഴുതിക്കാൻ ശ്രമിക്കുന്ന എല്ലാ മാഗസിൻ എഡിറ്റർമാരെയും പത്രാധിപന്മാരെയും പ്രസാധകരെയും ഞാൻ കൊല്ലും.'' കുട്ടി ജ്വലിച്ചു നില്ക്കുന്നു.

'എന്തുകൊണ്ട് നീ മാധ്യമം പത്രാധിപരെ കൊല്ലുന്നില്ല?'

അടുത്ത ഊഴം അയാളുടേതാണ്.

എങ്കിൽ പിന്നെ ബോംബുണ്ടല്ലോ. എന്തിനാ കത്തി.

ക്രിക്കറ്റുകളിച്ചുകൊണ്ടിരുന്ന എൻെറ പൊന്നോമനമക്കൾ ചിതറിത്തെറിച്ചുവീണത് ഈ നാട്ടിലാണല്ലോ.

നിലമുഴാൻ പോയ കർഷകൻ മൈൻപൊട്ടി മരിച്ചത് ഈ ഭൂമിയിലാണല്ലോ.

കല്യാണത്തിമർപ്പിനിടയിൽ വെടിയേറ്റുമരിച്ചവർ എൻെറ സഹോദരങ്ങളാണല്ലോ. വിനോദയാത്രക്കിടയിൽ ടൈംബോംബിൽ തട്ടിത്തകർന്നടിഞ്ഞത് എൻെറ പിഞ്ചോമനകളായിരുന്നല്ലോ.

മക്കളെ............പൊന്മക്കളേ........

(ജോൺ എബ്രഹാം കടന്നു വരുന്നു)

ബോംബുകൾ ഇത്ര സുലഭമായിട്ടും ഒരു കത്തിയുമായി കഥാപാത്രത്തെ സൃഷ്ടിച്ച ഞാനെന്തു മണ്ടൻ. അവൻെറ കൈയിൽ ഒരു അണുബോംബാണ് വേണ്ടത്.

തൃശൂർ പൂരം. മത്സരവെടിക്കെട്ട്.

തിരുവമ്പാടിക്കാർ ആയിരം പടക്കം പൊട്ടിച്ചു. ഹാ..ഹാ...

പാറമേക്കാവുകാർ ആയിരം ഗുണ്ടുകൾ. ഹാ....ഹാ

തിരുവമ്പാടിക്കാർ ആയിരം ബാണങ്ങൾ ഹാ.....ഹാ.......

പാറമേക്കാവുകാർ ആയിരം പൂത്തിരി. ഹാ.......ഹാ.........

ഇസ്ലാംമബാദ് ആയിരം ബോംബ്. ഹാ.........ഹാ.....

ഡൽഹി ആയിരത്തൊന്ന് ബോംബ്. ഹാ......ഹാ.......

നവാസ് ഷെരീഫ് ആയിരം ആറ്റംബോംബ്. ഹാ.........ഹാ....

വാജ്പേയി ആയിരം അണുബോംബ്. ഹാ...ഹാ....

നവാസ് പതിനായിരം. ഹാ........ഹാ.....

ഹാ.........ഹാ.........ഹാ........ഹാ........ഹാ

ബുദ്ധൻ ചിരിക്കുന്നു. ബുദ്ധൻ ചിരിക്കുന്നു.

അമ്മേ.....വിശക്കുന്നമ്മേ. അങ്കോളയിൽ നിന്നൊരു രോദനം............ബുദ്ധൻ ചിരിക്കുന്നു.

വയറുകത്തുന്നമ്മേ. സോമാലിയയിൽ നിന്ന്..........ഹാ.........ഹാ...ബുദ്ധൻ ചിരിക്കുന്നു.

തൊണ്ടവരളുന്നമ്മേ.. കംബോഡിയയിൽ നിന്ന്.........ബുദ്ധൻ ചിരിക്കുന്നു.

ദൈവമേ.........എൻെറ ദൈവമേ.........ഇതൊക്കെ കാണാനാണോ ഈ ജന്മം എനിക്ക് നൽകിയത്.

എങ്കിലും പ്രിയ കവേ..........ഞാൻ ആഗ്രഹിച്ചു പോകുന്നു.

'ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മം കൂടി'.

അപ്പോൾ കുട്ടി?

കുന്തം.........!എല്ലാം കഴിഞ്ഞിട്ടും ഇനി.....

അല്ല..........ഈ കഥയുടെ തലക്കെട്ടുമായി കഥക്കൊരു ബന്ധവുമില്ലല്ലോ.

ശരിയാണ് സഖാവേ. പക്ഷേ താങ്കളെപ്പോലുള്ളവരെക്കൊണ്ട് ഇതൊന്നു വായിപ്പിച്ചു കിട്ടണമെങ്കിൽ ഇങ്ങനെയുള്ള തലക്കെട്ട് വേണമെന്നുള്ളതല്ലേ സത്യം.

സത്യം പറ മാഷേ. 'അങ്കോളയുടെ ദീനരോദനം എന്ന് ഇതിന് പേരിട്ടിരുന്നെങ്കിൽ താങ്കൾ ഇതു വായിക്കുമോ?'

നിരീക്ഷണം

പട്ടാളം പള്ളിയുടെ വലതുവശത്ത് സിറ്റിപോലീസിൻെറ ബോർഡിൽ നിന്ന്.

റോഡപകടങ്ങളിൽ ഇതുവരെ മരിച്ചവർ

| | |
|---|---|
| 1995 - | 105 |
| 1996 - | 105 |
| 1997 - | 105 |

ഈ വർഷം ഇന്നുവരെ 53.


(കഴിഞ്ഞ 3 വർഷമായി 105 ആണ് ടാർജറ്റ്. ഡിസംബർ 31 നകം അത് തികച്ചില്ലെങ്കിൽ എല്ലാ മാന്യമഹാജനങ്ങൾക്കും 1000 രൂപ പിഴ). ■

ബി. എ. മൂന്നാംവർഷം, മലയാളം.

ചെറുകഥ

# ഹൃദയപൂർവം

വി. ദിലീപ്



നമസ്കാരം. നിങ്ങളെന്നോട് ആവശ്യപ്പെട്ടത് ഒരു ചെറുകഥയാണല്ലോ. എൻേറതു മാത്ര മായ ചില കാരണ ങ്ങളാൽ എനിക്കത് എഴുതുവാൻ കഴിഞ്ഞില്ലെന്ന് ആദ്യമേ പറഞ്ഞുകൊള്ളട്ടെ. കഥകൾ എൻേറ പക്കൽ ഇല്ലാഞ്ഞിട്ടൊന്നുമല്ല. (അങ്ങനെയൊരു ദുർവിധി ഇതുവരെ ഉണ്ടായിട്ടില്ല.) പക്ഷേ, അതിനു വേണ്ടി മെനക്കെടാനുള്ള ഒരു സാവകാശം ഇല്ല. അറിയാമല്ലോ, ഇപ്രാവശ്യം ആറ് ഓണപ്പതിപ്പുകൾക്കു വേണ്ടി എഴുതുന്നുണ്ട് ഞാൻ. നിസ്സാരകാര്യമൊന്നുമല്ല എന്ന് എനിക്കും അറിയാം. ഇവിടെ സാഹിത്യവൃത്ത ങ്ങളിൽ കഥയെഴുതാൻ ചോദന കൂടിയേ തീരൂ എന്നു പറഞ്ഞിരിക്കുന്ന വൃദ്ധ മൂരാച്ചി എഴുത്തുകാർ ഒളിഞ്ഞും തെളിഞ്ഞും എന്നെ അസൂയയോടെ കുത്തുന്നുണ്ട്. എനിക്കിതൊക്കെ പുല്ലാണെന്ന കാര്യം ഇവരാരെങ്കിലും അറിയുന്നുണ്ടോ.....!

അപ്പോൾ നമ്മുടെ കാര്യം. ഈ തിരക്കുകളൊക്കെ ഉണ്ടായിട്ടും ഞാൻ നിങ്ങളുടെ ഗ്രാമപഞ്ചായത്ത് ഇറക്കുന്ന സുവനീറിലേക്ക് കഥ തരാമെന്നു പറഞ്ഞത് ചില പ്രത്യേക സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടായിരുന്നു. അല്ലാതെ സുവനീറിൽ കഥയെഴുതി പ്രശസ്തി നേടേണ്ട ആവശ്യമൊന്നും എനിക്കില്ല. പൂതക്കാട് കൊപ്പം കുഴിയിൽ മൂസ ഹാജിയാണല്ലോ പഞ്ചായത്തിൻെറ മുഖ്യകാര്യ ദർശി. അദ്ദേഹത്തോടെനിക്ക് ചില്ലറ കടപ്പാടുണ്ട്. വേണമെങ്കിൽ സൗകര്യപൂർവ്വമത് മറക്കാനൊക്കെ കഴിയും. പക്ഷേ, അതുവേണ്ട. കാരണം എന്തിനും നമ്മുടെ തലയ്ക്കു മുകളിൽ അനുഗ്രഹങ്ങളുമായി ഒരു വൃദ്ധകരം ഉണ്ടാവുന്നത് വളരെ നല്ലകാര്യമാണ്. 'നീ ഒരു കഥയിങ്ങ് എഴുതിത്തരോ.....” എന്ന് ഹാജ്യാർ പറയുമ്പോൾ നിരസി

ക്കുന്നതെങ്ങനെയാണ്! മാത്രമോ, മനസ്സിൽ തെളിഞ്ഞു തെളിഞ്ഞു വരികയായിരുന്ന പഴയ ചില സംഭവങ്ങൾ. അന്യമതസ്ഥനെങ്കിലും യത്തീംഖാനയിലെ കുട്ടികളോടൊപ്പം എന്നെയും ചേർത്ത്, ഭക്ഷണവും വിദ്യാഭ്യാസവും തന്ന് കുറേക്കാലം വളർത്തിയത് ഹാജ്യാർ ഒറ്റയാളുടെ സന്മനസ്സു കൊണ്ടാണ് എന്ന് കുഞ്ഞുന്നാളു മുതലേ എനിക്കറിയാമായിരുന്നു. പിന്നെ ഞാൻ തിരിച്ചറിവു വരുന്ന പ്രായമാകുന്നതിനു മുമ്പേ നാടുവിടുകയായിരുന്നല്ലോ. ഹാജ്യാർക്ക് എന്നെ ഓർമയൊന്നുമുണ്ടാവാൻ വഴിയില്ല. പക്ഷേ, അദ്ദേഹം പെരുന്നാളിൻെറ വിശിഷ്ട വിഭവങ്ങൾ നിറയുവോളം എന്നെ തീറ്റിക്കുന്ന ചില പഴയ ചിത്രങ്ങൾ ഇങ്ങനെ ഓർമവരാൻ തുടങ്ങിയാൽ എന്താ ചെയ്യുക!

എന്നിട്ടും പറഞ്ഞ സമയത്ത് ആ കഥയെഴുതാൻ എനിക്ക് കഴിഞ്ഞില്ല കേട്ടോ. ഒരു നല്ല തുടക്കം പോലും എഴുതിയിട്ടില്ല. അല്ലെങ്കിൽ തന്നെ ഒരു കഥയെഴുതി, അതു വെട്ടിത്തിരുത്തി, പകർത്തി പിന്നെയും അസ്സലെഴുതി.....എന്തൊക്കെ ബുദ്ധിമുട്ടുകളുണ്ട്! കഥ ഏതായാലും എൻെറ മനസ്സിലുണ്ടല്ലോ. ഞാൻ ഇപ്പോൾ തല്ക്കാലം അതങ്ങു പറഞ്ഞുതരാം. ആശയങ്ങളാണ്; നിങ്ങളിൽ അമ്പത്തൊന്ന് അക്ഷരങ്ങൾ കൂട്ടിവായിക്കാനും എഴുതാനും വശമുള്ള ആരെങ്കിലും ഉണ്ടാകുമല്ലോ. അവരാരെങ്കിലും സൗകര്യപൂർവ്വം ഇതങ്ങു കടലാസ്സിൽ പകർത്തിക്കോളുക. മതിയന്നേ, കഥയ്ക്കു ചുവടെ എൻെറ പേര് ചേർത്താൽ എൻെറ വായനക്കാർക്കത് വായിച്ചു നോക്കുക പോലും ചെയ്യാതെ ഇഷ്ടപ്പെടാൻ കഴിയും.


അയ്യോ, സമയമില്ല. തിരക്കു പിടിച്ച പ്രശ്നങ്ങളുള്ള ദിവസമാണിന്ന്. അതുകൊണ്ടു വേഗം ഞാൻ കഥ പറഞ്ഞു തരട്ടെ. ശ്രദ്ധിച്ചു കേട്ടു കൊള്ളു: എൻെറ കഥാനായകൻെറ പേര് സിജോ ജോൺ എന്നാകുന്നു.

*സിജോ ജോണുമായി അല്പം ഭൂതകാല സ്മൃതിയിൽ*

അവനെപ്പോഴും വളരെ അസാധാരണമായ രീതിയിലാണു പെരുമാറുക. കോളേജിൽ നിയമത്തിനു ഞങ്ങളൊന്നിച്ചായിരുന്നു. മൂന്നു കൊല്ലവും ഞങ്ങൾ റൂംമേറ്റ്സായിരുന്നു എന്നു പറയുമ്പോൾ സിജോയുടെ സ്വഭാവ വിശേഷത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയ്ക്കായി ഈ ജനൽ ഞാൻ തുറക്കട്ടെ.

കൊപ്പം കുഴിയിൽ മൂസഹാജിയുമൊത്തുള്ള എൻെറ ബാല്യകാല ജീവിതം ഞാൻ പറഞ്ഞുവല്ലോ. ശരിയാണ്; എന്നുമോർക്കേണ്ട കടപ്പാട് എനിക്ക് അദ്ദേഹത്തോടുണ്ട്. എന്നിട്ടും ഞാൻ അദ്ദേഹത്തോട് ഇത്തിരി ചതി കാട്ടി. സുബഹി നിസ്കാരത്തിന് നാഴിക മുമ്പ് എഴുന്നേറ്റ് ഞാൻ ഹാജ്യാരുടെ മടിശ്ശീല തപ്പി. നൂറ് രൂപയുടെ ഒരു ഒറ്റനോട്ട് ആദ്യം കയ്യിൽ തടഞ്ഞു. പിന്നെ ആർത്തിയോടെ മുഴുവൻ കയ്യിട്ട് വാരി എന്തൊക്കെയോ എടുത്തു. പണപ്പയറ്റിൻെറ ഒരു പഴകിയ നോട്ടീസും യത്തീംഖാനയുടെ ആവശ്യത്തിലേക്ക് ഉദാരമതികളോടു ധനാഭ്യർത്ഥന നടത്തുന്ന കടലാസും പിന്നെകുറച്ച് ചില്ലറകളും. ഒക്കെ.......എന്തോ, ഞാൻ കിതച്ചു കൊണ്ട് എല്ലാം മുണ്ടിൻെറ കോന്തലയിൽ പൊതിഞ്ഞുകെട്ടി എഴുന്നേറ്റ് ഓടുകയായിരുന്നു. (ആ ഓട്ടമാണ് എന്നെ ഇവിടെ എത്തിച്ചത്)

അങ്ങനെ അലഞ്ഞും കഷ്ടപ്പെട്ടും ദാരിദ്ര്യ ഭാണ്ഡവും പരാധീനതകളുമായി വിദ്യാഭ്യാസം നയിക്കാൻ മെനക്കെടുന്ന ഞാനും സമ്പന്നതയുടെ തണലും ജീവിതസംതൃപ്തിയുടെ നിറവുമുള്ള സിജോ ജോണും അടുപ്പക്കാരാവുക. എങ്ങനെയോ അതു സംഭവിച്ചു എന്നേ പറയുന്നുള്ളു.



കോളേജിനടുത്ത് ഒരു ചെറിയ, എന്നാൽ ഏറെ സൗകര്യങ്ങളുള്ള ഒരു മുറി സംഘടിപ്പിക്കാൻ എനിക്കു കഴിഞ്ഞു. നേരിട്ട് ഞാൻ സിജോ ജോണിനെ കണ്ട് കാര്യം പറഞ്ഞു. വാടക അവൻ കൊടുത്തു കൊള്ളും. അവന് ആ മുറി വളരെ ഇഷ്ടപ്പെട്ടു. പിന്നെ, അവൻ ഇങ്ങോട്ട് ആവശ്യപ്പെട്ടു; ഞാൻ അവൻെറ റൂംമേറ്റാകണം. പട്ടിണിപ്പണ്ടാരമായ എനിക്ക് വേറെ എന്തു വേണം? അങ്ങനെയായിരുന്നു കാര്യങ്ങൾ തുടങ്ങുന്നത്.

ഇനി ഞാൻ പറയുന്നത് നിങ്ങൾ ചെറിയ ചെറിയ പാരഗ്രാഫുകളാക്കി വേണം പകർത്തിയെഴുതേണ്ടത്. കാരണം കഥ നീങ്ങുന്നത് സിജോ ജോണിലൂടെയാണല്ലോ. അപ്പോൾ അവനു പ്രാധാന്യം കിട്ടണം. എൻെറ കഥ കൂട്ടത്തിൽ നിങ്ങളുടെ ശ്രദ്ധയ്ക്കു വേണ്ടി മാത്രം പറയുന്നതാണ്.

ആ ജീവിതത്തിനിടെ എനിക്കു മനസ്സിലായി, സിജോ ഒരു പാവമാണ്. പണത്തിൻെറ വില അറിയില്ലെന്ന ഒറ്റ കുഴപ്പം മാത്രമേ വേണമെങ്കിൽ പറയാനുള്ളു. പക്ഷേ, അതുകൊണ്ടാണല്ലോ വല്ലപ്പോഴും എൻെറ കൈയിൽ ഇത്തിരി കൈമുതലുകൾ വന്നു ചേർന്നത്.

ഞാൻ പക്ഷേ മാനസികമായി സിജോ ജോണിനെ അല്പം അകറ്റി നിർത്തി. സാഹിത്യചിന്തകൾ മനസ്സിലുള്ളതു കൊണ്ടാകാം ഞാൻ എന്തിനെയും സൂക്ഷ്മമായി പഠിക്കാറുണ്ട്. ഞാൻ എന്നെയും ഒരു പഠനത്തിന് വിധേയനാക്കി. ആദ്യമാദ്യം ഞാൻ വിചാരിച്ചു കൊണ്ടിരുന്നത് സാമ്പത്തികമായ എൻെറ അധോഗതിയിൽ നിന്നുണ്ടാകുന്ന അപകർഷതാ ബോധമാണ് ഞങ്ങൾക്കിടയിലെ മതിൽ എന്നായിരുന്നു. പിന്നെ സൂക്ഷ്മനിരീക്ഷണത്തിലൂടെ ഞാൻ മനസ്സിലാക്കിയെടുത്തു; എനിക്ക് സിജോയോട് അസൂയയും പകയും വിദ്വേഷവുമുണ്ട്. എന്തിനു വേണ്ടിയെന്നറിയില്ല, അബോധമായി ഞാൻ അവൻെറ നാശം ആഗ്രഹിക്കുന്നു.

ആയിടകളിൽ ഞാൻ ധാരാളം കഥകൾ എഴുതിത്തുടങ്ങി. ഒന്നു രണ്ടു പൈങ്കിളി വാരികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഇക്കിളി നോവലുകൾ എഴുതിക്കൊടുക്കാമെന്നേറ്റു. ആ വഴി കിട്ടുന്ന പണമത്രയും ബാങ്കിലിടുകയായിരുന്നു. ജീവിതച്ചെലവിലേക്ക് ഒന്നും എടുക്കാൻ സിജോ അനുവദിച്ചില്ല.

ഒരിക്കൽ ഞാൻ അവനോടു ചോ

ദിച്ചു: "സിജോ, നീ എനിക്കു വേണ്ടി ഒരു പാടു ബുദ്ധിമുട്ടുന്നുവല്ലോ. യഥാർത്ഥത്തിൽ ഇത്രയധികം നീ എന്നെ സ്നേഹിക്കുന്നുണ്ടോ?"

അതിന് അവൻ ചിരിച്ചു. മറുപടി പറഞ്ഞില്ല. മനോഹരമായ വാക്കുകൾ പ്രയോഗിക്കാനുള്ള കഴിവുണ്ടായിരുന്നെങ്കിൽ താൻ ഒരു കളികളിച്ചേനെ എന്നു മാത്രം പറഞ്ഞു. അപ്പോൾ തീർത്തും അനാവശ്യമായി എനിക്ക് ഒരു ലജ്ജ തോന്നി.

അവൻ ജീവിതം എനിക്കുവേണ്ടി പകുത്തു എന്നു പറയുന്നത് അന്വർത്ഥമാക്കുന്ന ചില സംഭവങ്ങൾ തുടർന്നുണ്ടായി. എനിക്കു മാത്രമല്ല, സ്വന്തമായി ചിന്തിക്കാനും സ്വന്തം ആശയങ്ങൾ രൂപപ്പെടുത്താനുമുള്ള കഴിവുള്ളതെന്ന് ഞാൻ മനസ്സിലാക്കി. പണക്കാരനയി എന്നതു കൊണ്ടുമാത്രം ഒരുവൻ മണ്ടനാകണമെന്നില്ലല്ലോ. സിജോ ജോൺ അതു തെളിയിക്കുകയായിരുന്നു.

പറഞ്ഞു വരുന്നത് ഹേമയിലേക്കാണ്. ആദ്യമാദ്യം ഞാൻ വിചാരിച്ചത് അവളവന്റെ പണം കണ്ടാണ് അവനെ സ്നേഹിക്കുന്നതെന്നാണ്. എന്നാൽ സാമ്പത്തികമായി സിജോയുടെ കുടുംബം നാശത്തെ നേരിടുന്ന ഒരു കാലം ഉടനെ ഉണ്ടായി. അവന്റെ അപ്പന്റെ ബിസിനസ്സിനേറ്റ വമ്പിച്ച തകർച്ചയും അതോടൊപ്പം അദ്ദഹത്തിന്റെ സ്വയം ഹത്യയും. അവന്റെ കുടുംബത്തിന്റെ തറക്കല്ല് ഇളകുകയായിരുന്നു. ഉള്ളിൽ ഞാൻ സന്തോഷിച്ചോ എന്നൊന്നുമറിയില്ല. പക്ഷേ, ഒരു തത്വചിന്തയാണ് എനിക്ക് തോന്നിയത് 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം.........' തത്വചിന്തകൾക്ക് തെറ്റുപറ്റുകയില്ലെന്ന സത്യം എനിക്ക് ആശ്വാസം നല്കിയെന്നത് വാസ്തവമാണ്.

വിഷാദധീനനായി മുറിയിൽ ചുരുണ്ടുകൂടിയിരിക്കുന്ന സിജോയോടൊപ്പം എല്ലാ സമയവും ഹേമയുമുണ്ടായിരുന്നു. എന്നെ അത് ഏറെ അത്ഭുതപ്പെടുത്തി. സ്ത്രീ എന്നത് ഒരു വല്ലാത്ത സൃഷ്ടി തന്നെ എന്നു ചിന്തിച്ചതേയുള്ളു, പിന്നെപ്പിന്നെ ഞാൻ ഒരു സത്യം മനസ്സിലാക്കിയെടുത്തു, ഹേമയ്ക്ക് എന്നോട് വ്യതസ്തമായ എന്തോ അടുപ്പം ഉണ്ട്. അവൾ എന്റെ ചെറുകഥകൾ ഉയർത്തുന്ന ദാർശനിക വ്യഥകളെ കുറിച്ച് മണിക്കൂറുകളോളം സംസാരിക്കുന്നു, പലപ്പോഴും അനാവശ്യ സന്ദർഭങ്ങളിലും എന്നെ പുകഴ്ത്തുന്നു.

ക്രമേണ എനിക്കു കൂടുതൽ ശക്തിയോടെ ബോധ്യപ്പെട്ടു. സ്ത്രീ ഒരു വല്ലാത്ത സൃഷ്ടി തന്നെ. വിറയ്ക്കുന്ന ശബ്ദത്തിൽ ഹേമ എന്നോട് അവളുടെ പ്രേമം അറിയിക്കുകയായിരുന്നു!


സിജോയ്ക്ക് ഒന്നിലും ഞെട്ടലോ പരിഭവമോ ഇല്ല. പക്ഷേ ഞങ്ങളുടെ വിവാഹത്തിൽ പങ്കെടുക്കാതിരിക്കാനുള്ള അവകാശം മാത്രം അവൻ ഉപയോഗപ്പെടുത്തി.

പറഞ്ഞു വരുമ്പോൾ കഥ കാടുകയറുന്നത് എനിക്കു തന്നെ അറിയാം. അപ്രധാനമായ ചില സംഭവങ്ങൾ മനോഗതം പോലെ നിങ്ങൾ ഒഴിവാക്കിക്കോളൂ.

അല്ലെങ്കിൽ കഥ ഇനി അധികമൊന്നുമില്ല. ഒരു വ്യക്തിയുടെ തകർച്ചയാണ് ഇനിയുള്ളത്. സിജോ ജോൺ ദരിദ്രനും ഞാൻ 'ഇത്തിരി' ധനികനുമാകുന്നു. അതെങ്ങനെ? നഗരത്തിലെ തീരെ മോശമില്ലാത്ത കമ്പനിയിൽ എനിക്ക് ഉയർന്ന തസ്തികയിലൊരു ജോലി ശരിയാകുന്നു.........(അതിനു വേണ്ടി ഞാനെത്ര 'കഴുതക്കാലുകൾ' പിടിച്ചു!) ഞാനും ഹേമയും സിജോയും ഒരു വീട്ടിൽ.

പിന്നെപ്പിന്നെ ഹേമയ്ക്ക് ബുദ്ധിമുട്ടു തുടങ്ങുന്നു. സിജോ ജോണിനെ അവൾക്കു തീരെ പിടിക്കുന്നില്ല. അയാളുടെ നോട്ടവും ഭാവവും.........! എല്ലാം തകർന്നവന് എന്താണു തോന്നിക്കൂടാത്തത്!

ഞാൻ വിഷയം എന്റെ സ്വതസി



ഢമായ തണുപ്പൻ ശൈലിയിൽ സിജോയെ അറിയിക്കുന്നു.. അന്ന്, അല്ല അപ്പോൾ തന്നെ എഴുന്നേറ്റ് ഇരുകൈകളും വീശി സിജോ ജോൺ പുറത്തേക്ക്...

എങ്കിലും അവൻെറ മുഖത്തു പെട്ടെന്നു വിരിഞ്ഞ ചിരി........! അല്ല, അതെൻെറ തോന്നലായിരുന്നില്ല.

കഥാ സംഗ്രഹം

ഞാനെന്തിന് ഇപ്പോൾ ഇങ്ങനെയൊരു കഥയെകുറിച്ച് ആലോചിച്ചു? കാരണം ഉണ്ടായിട്ടു തന്നെ. കഴിഞ്ഞയാഴ്ച തപാലിൽ എനിക്കു വന്ന കത്ത് ഞാൻ നിങ്ങൾക്കു മുന്നിൽ നിവർത്തട്ടെ:

"പ്രിയപ്പെട്ട സുഹൃത്തിന്,

സുഖമല്ലേ? കഥകൾ ഞാൻ വായിക്കുന്നുണ്ട്. കഥയില്ലാത്തവന് എന്തു കഥ വായന അല്ലേ? ഇപ്പോൾ എനിക്ക് സ്വന്തമായ വിലാസവുമില്ല. തലച്ചോറു പണ്ടേ ഇല്ലാത്തതാണല്ലോ. ജീവിതം ഉണ്ടോയെന്ന അന്വേഷണത്തിലാണ്. നിൻെറ അടുത്ത കഥ എന്നെ കുറിച്ചാകുമോ?

സ്നേഹം മാത്രം,

സിജോ ജോൺ"

(ഒപ്പ്)

എന്തു ചെയ്യണം?

അപ്പോഴാണ് കൊപ്പം കുഴിയിൽ മൂസഹാജിയെ ഓർത്തത്. എപ്പോഴാണു ഞാൻ വാഗ്ദാനം ചെയ്ത കഥ എഴുതിക്കൊടുക്കുക? കുറച്ചു ദിവസമായി എനിക്ക് അസ്വസ്ഥത തുടങ്ങിയിട്ട്. സിജോയുടെ കത്ത് പെട്ടെന്നു കിട്ടിയപ്പോൾ.....

പത്തു മിനിട്ടിൽ മുപ്പതു കഥകളെഴുതാൻ എനിക്കൊരു വിഷമവുമില്ല. അതാണ് സാഹിത്യ വിപണിയിൽ എൻെറ വിജയമെന്ന് സഹപ്രവർത്തക മുരാച്ചികൾക്കും എനിക്കും അറിയാം. എന്നിട്ടും എനിക്ക് ഒരു പിടിപാടും കിട്ടുന്നില്ല. സിജോ ജോണിൻെറ കഥയല്ലാതെ മറ്റൊരു കഥ മൂസഹാജിയുടെ സുവനീറിലേക്ക് എഴുതാൻ ശ്രമിച്ചു.അതും കഴിയുന്നില്ല. ഇതും കഴിയുന്നില്ല. സിജോ എനിക്കു മുന്നിൽ അതികായനായി വളരുമ്പോൾ-

നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം. ഞാനീ പറഞ്ഞ കഥയിലെ സിജോ ജോൺ എന്ന കേന്ദ്ര കഥാപാത്രത്തിൻെറ ഒരു ജീവിത ചിത്രം ചുമ്മാതെയങ്ങു പകർത്തിയെടുക്കുക. എന്നാൽ ആവശ്യത്തിന് സെൻറിമെൻസ് ചേർക്കാൻ മറക്കുകയുമരുത്. കഥ വായിച്ചു തീരുമ്പോൾ സിജോ ജോൺ ഒരു പ്രതിഭാസമായി മാറണം. വിനീതനായ ചരിത്രകാരനായി ഒതുങ്ങി നിന്നുകൊണ്ട് ഞാൻ എൻെറ സുഹൃത്തിൻെറ കഥ നിങ്ങളോടു പറയുന്നു (ഹായ്!). തിന്മയുടെ ഈ ലോകത്തിൽ സ്നേഹത്തിൻെറ അലകളുയർത്താൻ ശ്രമിച്ച സുഹൃത്തിൻെറ സ്വപ്നങ്ങൾക്ക് സാഫല്യം



നല്കുന്നു കഥാകൃത്ത്..........ഇതാണു സാങ്കേതിക വിദ്യ.....ഇങ്ങനെയാകണം കഥ നീങ്ങേണ്ടത്. ഒരുപക്ഷേ ഈ കഥയെ തകർക്കാൻ വിമർശകപ്പരിഷകളെത്തിയേക്കാം.

അവരെ ഞാൻ നേരിടുന്നുണ്ട്. നിങ്ങൾ തല്ക്കാലം എഴുതുകമാത്രം ചെയ്യുക.

എന്താണു മുഖത്ത് ഒരു കള്ളച്ചിരി? ഓ, എന്നോട് പരിഹാസം തോന്നുന്നുണ്ടാകും. അല്ലേ? അതേ, ഈ അക്ഷരങ്ങളെ കുറിച്ചും അവയുടെ കളികളെ കുറിച്ചുമൊക്കെ വേണ്ടത്ര വിവരം കിട്ടുമ്പോൾ ഈ തോന്നലൊക്കെ മാറും. പിന്നെ മനസ്സിലായിക്കൊള്ളും സാഹിതീയമായ ഒത്തുതീർപ്പുകളെ കുറിച്ചൊക്കെ. അല്ലെങ്കിൽ തന്നെ അക്ഷരങ്ങൾ എൺപതു ശതമാനവും വായനക്കാരൻെറ കണ്ണുകെട്ടുകയാണെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്. മനോഹരമായ വരികളെഴുതാനറിയാവുന്നവന് ഒരു ചെറുകഥയിലൂടെ പുണ്യവാളനാകാമെങ്കിൽ..........

ങ്ഹാ പോട്ടെ, നിങ്ങൾ എഴുതൂ, "ഒരിടത്ത് ഒരു സിജോ ജോണുണ്ടായിരുന്നു......"

കുറ്റബോധമോ ആത്മനിന്ദയോ തീരെ ഇല്ലാത്ത വിചിത്ര ജീവിയെന്ന മട്ടിൽ എന്നെ തുറിച്ചു നോക്കുന്ന തലയിൽ നരകയറിയ ചെവിക്കു പിന്നിൽ കറുത്ത മറുകുള്ള കണ്ണട വെച്ച സുഹൃത്തേ, നിങ്ങളോടും പിന്നെ എല്ലാവരോടുമായി ഞാൻ പറയട്ടെ: "ജീവിതം പലർക്കും പല രീതിയിലാണ്. അവിടെ തോല്ക്കുന്നവരും ജയിക്കുന്നവരുമുണ്ട്. എന്നുവെച്ച് എപ്പോഴും ദാർശിനിക വ്യഥകളുമായി ഇരിക്കാനോ? അങ്ങനെയായ സിജോ ജോൺ എനിക്കു മുന്നിൽ നല്ലൊരു പാഠമാണ്. പിന്നെ സ്നേഹത്തിനും വിശ്വാസത്തിനും വേണ്ടി ജന്മം തുലയ്ക്കാൻ വല്ലാത്ത മടിയുണ്ട്. അതുകൊണ്ട് നടന്നതല്ലാം എൻെറ ജീവതത്തിലെ പരീക്ഷണഘട്ടങ്ങളായും സാഹിത്യവിജയത്തിൻെറ ഊർജ്ജസ്രോതസ്സായും കണക്കാക്കാനേ നിവൃത്തിയുള്ളു. കൊപ്പം കുഴിയിൽ മൂസഹാജിയോടുള്ള കടപ്പാടു പോലും.........

ഞാൻ പറഞ്ഞതുപോലെ കഥ പൂർത്തിയാക്കൂ. ചുവടെ ഒത്ത വലിപ്പത്തിൽ എൻെറ പേരും എഴുതിയേക്കൂ. ഈ ഗ്രാമപഞ്ചായത്തിൽ ഇനിയും ഇതുപോലുള്ള നല്ല സംരംഭങ്ങളുണ്ടാകട്ടെ എന്ന് ഹൃദയപൂർവ്വം എൻെറ ആശംസ.....നന്ദി. ■

നർമ്മം

ബി. എ. രണ്ടാം വർഷം, ഇംഗ്ലീഷ്
**ഷബ്നം ഷറിൻ**

# കാലുമാറി



ഹാജർപട്ടികയുടെ മുന്നിൽ ഇരപിടിക്കാൻ നിൽക്കുന്ന കൊറ്റിയെ പോലെ കുത്തിയിരുപ്പ് നടത്തുകയായിരുന്ന എച്ച്.എം. അച്ചാമ്മാ വർഗീസിനു മുന്നിൽ ചുടുവാർത്തയുമായി പ്യൂൺ ശങ്കരൻകുട്ടി.

"ഭാമിനി ടീച്ചർ മറ്റോരെ പാർട്ടീന്ന് ടീച്ചറെ പാർട്ടിക്ക് മാറിച്ചേർന്ന്, ടീച്ചറേ ങ്ങടെ പാർട്ടീടെ അംഗബലം വർദ്ധിച്ച് വരാണല്ലോ". പതച്ചുയർന്ന സന്തോഷത്തെ ഒരു ചെറിയ കണക്കുകൂട്ടൽ അച്ചാമ്മ ടീച്ചറുടെ കയ്യിൽ നിന്നും തട്ടിയെടുത്തു.

"ഒന്നുരണ്ടാള് പാർട്ടിചേർന്നു......പക്ഷേ, എന്നാ കാര്യം ഞാനടക്കം നാലെണ്ണം ഈ മാർച്ചീ റിട്ടേഡ് ആക്ണു."

"ആദർശങ്ങളിൽ വിശ്വാസമില്ലാതെ അണികളെ ചാക്കിട്ട് സമ്പാദിക്കുന്ന ശീലം നിങ്ങളെപോലെ പിളർന്ന് വളർന്ന പാർട്ടികൾക്കേ പറ്റത്തുള്ളു നമ്മടെ പാർട്ടിക്ക് ആ സ്വഭാവല്യാ..." ഉറക്കുത്തൻ കുത്തിയ ഡസ്കിൽ രണ്ടു കൈകൊണ്ടും അയ്യഞ്ചിടിയിടിച്ചിട്ട് കൃഷ്ണൻകുട്ടിമാഷ് പറഞ്ഞു. "അല്ലാ കൃഷ്ണൻകുട്ടി മാഷേ, ങ്ങള് ഇത്രീം കാലായല്ലോ യൂനിയന് യൂനിയന് ന്നിച്ചിട്ട് മരിച്ച് ജീവിക്ക്ണ്, ങ്ങ്ള് ഇത്രേം കാലത്തിനിടയ്ക്ക് നിങ്ങടെ യൂനിയനംഗങ്ങൾക്ക് എന്തൂട്ടാ ചെയ്തുകൊടുത്തത്? ഒന്നും കൊടുത്തില്ല! ഞങ്ങള് പിന്നെ കുറെ ട്രാൻസ്ഫറെങ്കിലുമൊപ്പിച്ചു കൊടുത്തു"

തുടർന്ന് കല്പാന്തകാലത്തെ പ്രളയംപോലെ വാക്കുകളുടെ കുത്തൊഴുക്കായിരുന്നു; നായ്ക്കൾ കടിപിടി കൂടുന്ന ശബ്ദം ബഞ്ചുകളും ഡസ്ക്കുകളും ചാടികളിക്കുന്നശബ്ദം ഇടക്കിടെയുള്ള കൈകൊട്ടിക്കളിയുടെ ചുവടുകൾ നാലുകാലുമുയർത്തിയുള്ള മുദ്രാവാക്യങ്ങൾ, ഇവയെല്ലാം വായുമാർഗ്ഗേണ സ്റ്റാഫ്റൂമിൽ നിന്നു സ്കൂൾ പരിസരത്തേക്ക് വ്യാപിച്ചു.

അപ്പോഴാണ് സമാധാനദൂതനെ പേലെ മാത്തച്ചരൻ സാർ കടന്നു വന്നത്.

"എന്തോ ഇവിടെ ഒരു പ്രശ്നം?

"ഞങ്ങള് ഭാമിനിടീച്ചറ് കാല് മാറിയ കാര്യം ഡിസ്കസ് ചെയ്യാർന്നു"

"അതിന് ഭാമിനി ഇന്നു വന്നിട്ടില്ലല്ലോ" "ഇന്നുച്ചവരെ ലീവാണ്".

"എൻെറ കൊച്ചുങ്ങളേ, നെങ്ങള് സമാധാനപ്പെട്, അവള് വരട്ട് എന്നിട്ട് ചോദിക്കാവല്ലോ".

ലഞ്ചിന് പിരിയുമ്പോൾ ഇരുടീമുകളുടെയും സ്കോർ നില ഒപ്പത്തിനൊപ്പമാണെന്നാണ് പ്യൂൺ ശങ്കരൻകുട്ടി റിപ്പോർട്ട് ചെയ്തത്.

കുനിഞ്ഞ് നിന്ന് പാത്രം കഴുകുകയായിരുന്ന പ്യൂൺ ശങ്കരൻകുട്ടി, സ്കൂൾമുറ്റത്തേക്ക് ഏറുകണ്ണിട്ടൊന്ന് നോക്കി. ത്രിവർണ്ണസാരി ഉടുത്ത് ഭാമിനിടീച്ചർ, പിറകിൽ കൂരിവടിയില്ലാത്ത കാളപൂട്ടുകാരിയെപോലെ മേരിക്കുട്ടി ടീച്ചർ.

വരാന്തയിൽ തടിച്ചുകൂടിയ അധ്യാപക വൃന്ദത്തിൽ നിന്നു ഏമ്പക്കത്തിൻെറ അലകൾ ഉയരുന്നു. പാതികഴുകിയ പാത്രവുമായി ശങ്കരൻകുട്ടി രംഗത്തുനിന്നും ഒഴുകിപോയി. പഴകിയ പുഞ്ചിരി എല്ലാവർക്കുമായി സമ്മാനിച്ചുകൊണ്ട് ഭാമിനിടീച്ചർ ഹോളോവ്ഡ് ബൈ മേരിക്കുട്ടി ടീച്ചർ നേരെ ഓഫീസ് റൂമിലേക്ക് നടന്നു.

സ്റ്റാഫ്റൂമിലേക്ക് പ്രവേശിച്ച ഭാമിനിടീച്ചറുടെ പിന്നിൽ മേരിക്കുട്ടി ടീച്ചർ ഉണ്ടായിരുന്നില്ല.

ഓഫീസ് റൂമിൽ ഒരു പുതിയ യൂനിയൻ മെമ്പറെ സൃഷ്ടിക്കാൻ താൻ പെട്ട പാടിനെപറ്റി വിശദീകരണം നടത്തുകയായിരുന്നു മേരിക്കുട്ടി ടീച്ചർ.

"ൻെറ അച്ചാമ്മടീച്ചറേ യൂനിയനിൽക്ക് ഒരാളെ ചേർക്കാൻ വല്യ പാടുതന്നാണേ".

"എങ്ങനേ മേരിക്കുട്ട്യേ നീയിത് ഒപ്പിച്ചെടുത്തേ?"

"പൊന്നുടീച്ചറേ, ടീച്ചർക്കറിയാവല്ലോ കഴിഞ്ഞ പ്രാവശ്യോം അതിൻെറ മുമ്പത്തെ പ്രാവശ്യവും യൂനിയൻ ജില്ലാ സെക്രട്ടറി തെരെഞ്ഞെടുപ്പില് ഒന്ന് രണ്ട് വോട്ടിനാ ഞാൻ തോറ്റുപോയതെന്ന്. ടീച്ചറെപോലെ ഒന്ന് രണ്ടുപേരൊഴികെ നമ്മടെ യൂനിയനീപെട്ട ഒരൊറ്റയെണ്ണത്തിനേം വിശ്വസിക്കാൻ കൊള്ളത്തില്ലെന്നേ. വേറെ, നിവൃത്തിയില്ലാത്തോണ്ട് മറ്റേ യൂനിയനിൽന്ന് ചാക്കിട്ട് പിടിക്കേണ്ടി വന്നു, ഒരെണ്ണങ്കീ ഒരെണ്ണം" മേരിക്കുട്ടി ടീച്ചർ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "നാലും മേരിക്കുട്ടീ നീയ്യിതെങ്ങനെ ഒപ്പിച്ചെടുത്തേ".

"സോ സിമ്പിൾ, ഞാനിന്നലെ ഭാമിനിടെ വീട്ടിലൊന്നു പോയി. കുറെ ആദർശൊക്കെ പറഞ്ഞു നോക്കി, അതിലൊന്നും അവൾ വീണില്ല, എതിർ യൂണിയനെ കുറെ വിമർശിച്ചും നോക്കി. അതിലും വീണില്ല. പിന്നെ വിഷയം വിട്ട് ഒടുവിൽ നമ്മുടെ ജില്ലേല് വെച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിൻെറ കാര്യമെത്തി. യൂനിയൻ കൊടീടെ കളറുള്ള സാരി കിട്ടേണ്ട ആവശ്യറീച്ചപ്പോ അവള് അവൾടട്ടത്തുള്ള വറൈറ്റി കാണിച്ചു തന്നു. പത്രങ്ങളിലൊക്കെ വരണ കാര്യായതോണ്ട് ബാനറ് പിടിക്കാൻ നല്ല സ്റ്റൈലുള്ള ആരെങ്കിലും കിട്ടുമോന്ന് ഞാൻ തട്ടി.........'ഞാൻ മതിയോ' എന്ന് ഭാമിനി. പിന്നത്തെ കഥ ഞാൻ ടീച്ചറോട് പറയണോ......"


മേരിക്കുട്ടി ടീച്ചറൊന്നു ചിരിച്ചു, അച്ചാമ്മ ടീച്ചറും ആ ചിരിയിൽ പങ്കുചേർന്നു.

ശങ്കരൻ കുട്ടിയുടെ ബെല്ലടിയെ കവച്ചുവെച്ചുകൊണ്ട് സ്റ്റാഫ് റൂമിൽ നിന്നും അപ്പോഴും വാക്ശരങ്ങൾ ഉയരുന്നുണ്ടായിരുന്നു. ■

ചെറുകഥ

എം. എ. ഒന്നാംവർഷം, അറബിക്
മൻസൂർ

# മഞ്ഞുരുകുമ്പോൾ



അവിടെയെത്തിയപ്പോൾ തണുപ്പ് അരിച്ചിറങ്ങുന്നുണ്ടായിരുന്നു. റോഡുകൾ മിക്കവാറും വിജനമായിരിക്കുന്നു. ഇത് സഞ്ചാരികളുടെ സീസണാണെന്നു ഹോട്ടലുകളിൽ നിറഞ്ഞിരുന്ന മുറികൾ ഓർമ്മപ്പെടുത്തി. പല തരക്കാർ കിടന്നിരുന്ന യൂത്ത്ഹോസ്റ്റലിൻെറ വിശാലമായ മുറിയിലേക്കാണ് ചെന്നുപെട്ടത്. അപ്പുറത്തും ഇപ്പുറത്തുമായി ധാരാളം പേർ കിടന്നുറങ്ങുന്നു. കമ്പിളിയുടെ ചൂടിനുള്ളിൽ ഉറക്കത്തിന് തിരികൊളുത്തി.

തണുപ്പ് അരിച്ചിറങ്ങുന്ന, പച്ചപ്പ് പുതച്ചിരിക്കുന്ന ഈ മലനിരകളിലേക്ക് വരണമെന്നു കരുതിയതു തന്നെ എങ്ങനെയെന്ന് അറിയില്ല. പെട്ടെന്നു തോന്നി പുറപ്പെടുകയും ചെയ്തു. പത്രമോഫീസിലെ ജോലിയും വിരസമാകുന്നുവെന്ന് എപ്പഴേ തോന്നിത്തുടങ്ങിയതാണ്. ഇരുട്ടു കട്ടപിടിച്ചു നില്ക്കുന്ന താമസസ്ഥലത്തു നിന്നും മോചനം.

എഴുന്നേറ്റപ്പോൾ ഹാൾ തികച്ചും നിശ്ശബ്ദമായിരുന്നു. ഒന്നോ രണ്ടോ പേർ മാത്രം എഴുന്നേറ്റിട്ടുണ്ട്. കമ്പിളിക്കുള്ളിലെ ചൂടിനെ തേടുകയാണ് മറ്റുള്ളവർ. ജനൽപാളികൾ മെല്ലെ തുറന്നപ്പോൾ തണുപ്പ് ശക്തിയായി കടന്നുവന്നു. സൂര്യരശ്മികൾ അരിച്ചിറങ്ങാൻ മടികാണിച്ചിരിക്കുകയാണ്. ചൂടുയരുന്ന ജലപ്രവാഹത്തിനു മുന്നിൽ നിന്നപ്പോൾ അതവസാനിപ്പിക്കാൻ തോന്നിയതേയില്ല. അയാൾ പുറത്തിറങ്ങി.

അയാൾക്ക് നടക്കാനാണ് തോന്നിയത്. നടന്ന്...........നടന്ന്.........എന്താണ് എന്നയാൾക്ക് തന്നെ നിശ്ചയമുണ്ടായിരുന്നില്ല. മലനിരകൾക്കു താഴെയുള്ള പൂന്തോട്ടത്തിലാണ് അയാൾ ചെന്നുപെട്ടത്. സന്ദർശകരുടെ വരവ് വർദ്ധിച്ചുകൊണ്ടേയിരുന്നു.

എന്തൊക്കെയോ ഓർക്കാനാണ് അയാൾക്ക് തോന്നിയത്. രണ്ടുമാസങ്ങൾക്കു മുമ്പ് മരണത്തിനു മുന്നിൽ തളർന്നു വീണ അമ്മ. സ്നേഹം തന്ന്, സ്നേഹം നല്കി അമ്മയോടൊപ്പം ജീവിച്ച നിമിഷങ്ങൾ......

കൈകൾ ചേർത്ത് പിടിച്ച് പൊട്ടിച്ചിരിച്ചു കൊണ്ട് ഉത്തരേന്ത്യക്കാരായ രണ്ട് കമിതാക്കൾ അയാൾക്കു മുന്നിലൂടെ കടന്നുപോയി. ബഹളത്തിനു കനം വെക്കുന്നുവെന്ന് അയാൾ തിരിച്ചറിഞ്ഞിരുന്നു. ചാരനിറം കലർന്ന തുണിസഞ്ചിയിൽ നിന്നും കടലാസു ചീന്തുകൾ പുറത്തെടുത്തു. നേർത്ത അക്ഷരങ്ങൾ.

മഷിപുരണ്ട അക്ഷരങ്ങളുടെ ചീന്തുകൾ അയാൾക്കു ചുറ്റും വട്ടമിട്ടു പറക്കാൻ തുടങ്ങിയിരുന്നു. ഓർമ്മകൾ കണ്ണുകളിൽ നനവായി നിറഞ്ഞപ്പോൾ അയാൾ ആ പുൽമെത്തയിൽ എല്ലാം മറന്നിരുന്നു.

“എക്സ്ക്യൂസ് മി സർ”

ഹൃദ്യമായ സ്വരം കേട്ടപ്പോൾ വീണ്ടും കേൾക്കാൻ വേണ്ടി കണ്ണുകളടച്ചിരിക്കാനാണയാൾക്ക് തോന്നിയത്. എന്നിട്ടുമയാൾ കണ്ണുകൾ തുറന്നു. വിടർന്ന കണ്ണുകളുമായി നീല ചുരിദാറണിഞ്ഞ ഒരു പെൺകുട്ടി. അവളുടെ അരികുപറ്റി മറ്റൊരുവളും.

കൈലേസെടുത്ത് അയാൾ കണ്ണുകൾ തുടച്ചു.

അവൾ അയാൾക്കു മുന്നിലിരുന്നു.

അവൾ പറയാൻ തുടങ്ങിയിരുന്നു.

ഒരു പാടുനേരമായി ശ്രദ്ധിക്കാൻ തുടങ്ങിയിട്ടെന്നും, കടലാസു ചീന്തുകൾ പറന്ന് അവളുടെ കൈകളിൽ എത്തിയപ്പോൾ അടുത്തേക്ക് വരാൻ തോന്നി. അതയാൾക്ക് മുന്നിൽ നിവർത്തിപ്പിടിച്ചു കൊണ്ടവൾ പറഞ്ഞു:

“സത്യം, ഇതു ഹൃദ്യമായിരിക്കുന്നു”

കണ്ണുകളിലേക്ക് നോക്കിയപ്പോൾ

അയാൾക്ക് എന്തൊക്കെയോ പറയാനാണ് തോന്നിയത്.

അല്ലെങ്കിലയാൾ കരഞ്ഞു പോകുമായിരുന്നു.

അവൾ എല്ലാം കേൾക്കുകയായിരുന്നു. കണ്ണുകൾ അയാളുടെ കണ്ണുകളിലേയ്ക്കു ഇറങ്ങിയിരുന്നു. ശ്രീദേവി എന്ന അവളുടെ പേര് അയാളിൽ എന്തോ ഓർമ്മകളുയർത്തി.

വെയിലിൻെറ കാഠിന്യം കുറഞ്ഞു വന്നപ്പോൾ അവൾ പറഞ്ഞു: "ഞങ്ങൾ കുനൂരിലേക്ക് പോകുവാണ്.''

"അവിടെ?"

"സൂയിസൈഡ് പോയൻറ് എന്ന് കേട്ടിട്ടില്ലേ'' അവിടേക്ക്"

കേട്ടിട്ടുണ്ടായിരുന്നു. അയാളും അവർക്കൊപ്പം ചേർന്നു.

ഉയർന്നു നില്ക്കുന്ന മലയുടെ മുകളിലെത്തിയപ്പോൾ അവളുടെ കൈകളിൽ മുറുകെ പിടിക്കാനാണ് അയാൾക്ക് തോന്നിയത്. മറഞ്ഞു തുടങ്ങിയിരുന്ന സൂര്യരശ്മികൾക്ക് അഭിമുഖമായിരുന്ന് അവൾ ഇയ്യിടെ വായിച്ച ഒരു കഥ പറഞ്ഞുകൊടുത്തു.

ആ പുതുദമ്പതികൾ സൂയ്സൈഡ് പോയൻറിൻെറ സമീപത്ത് നില്ക്കുകയായിരുന്നു. ക്യാമറകളിൽ പിടിച്ചുകൊണ്ട് അവർ മറ്റൊരാളെ തേടി. നിറഞ്ഞ പുഞ്ചിരിയുമായി അവിടെയിരുന്നിരുന്ന ഒരു ചെറുപ്പക്കാരനോട് ഫോട്ടോ എടുക്കാൻ ലജ്ജകലർന്ന വിനയസ്വരത്തിൽ പറയുകയും ചെയ്തു. ചെറുപ്പക്കാരൻ പറഞ്ഞു.: എൻെറ ഫോട്ടോ കൂടി നിങ്ങളെടുക്കണം. ശേഷം നിങ്ങളെന്നെ ഒരിക്കലും മറക്കില്ല. ക്യാമറ ആ ദമ്പതികളുടെ കൈയിൽ കൊടുത്തുകൊണ്ട് അയാൾ ആ മുനമ്പിൽ കയറി നിന്നു. അവർ ഫോട്ടോയെടുത്തതും ആ ചെറുപ്പക്കാരൻ അതിൻെറ മുകളിൽ നിന്നും......


സൂര്യരശ്മികൾ മറഞ്ഞു തുടങ്ങിയിരുന്നു. അവളുടെ മുടി ഉതിർന്നു അയാളുടെ മുഖത്തു വീണപ്പോൾ അതിന് കാച്ചിയ എണ്ണയുടെ മണമാണുള്ളതെന്ന് അയാൾക്ക് തോന്നി.

പിറ്റേന്ന് അയാൾ മടങ്ങി.

അയാൾക്ക് അമ്മയെ തിരിച്ചു കിട്ടിയിരുന്നു. മുറിയിലെ നിറഞ്ഞ വെളിച്ചം അയാളെ കാത്തിരിപ്പായിരുന്നു. ■

വി. ടി. കൃഷ്ണൻ

# നാലാമത്തേയും പെൺകുട്ടി



അവൻ സുഹൃത്തിനോട് പറഞ്ഞു. "ഞാൻ പഠിക്കുമ്പോൾ പലകാലത്തായി മൂന്ന് പെൺകുട്ടികളെ പ്രേമിച്ചിരുന്നു. അതിൽ രണ്ടുപേരുടെ വിവാഹം കഴിഞ്ഞു. മറ്റേയാളുടേത് അടുത്ത മാസമാണ്."

"കല്യാണത്തിന് നിന്നെ ക്ഷണിച്ചിട്ടുണ്ടോ? അവൻ തലാതാഴ്ത്തി. "അവരെല്ലാം ഏതായാലും ഭാഗ്യവതികളാണ്. താൻ പ്രേമിച്ചയുടനെ അവർക്കെല്ലാം മംഗല്യഭാഗ്യമുണ്ടായല്ലേ!" സുഹൃത്ത് പറഞ്ഞു.

മൂന്നാമത്തെ പെൺകുട്ടിയെ അയാൾക്ക് ജീവന്റെ ജീവനായിരുന്നു. അവൾ, അവന്റെ ഡയറിയിൽ സെപ്തംബർ മൂന്ന് എന്ന് രേഖപ്പെടുത്തിയ താളിൽ, കുറിച്ചു വെച്ചിരുന്നു: "ഭൂമിയിൽ എനിയ്ക്ക് ഇത്രയും പ്രിയപ്പെട്ട, മറ്റൊരാളില്ല". ആവേശത്തോടെ അവൻ ആ വാക്കുകൾ മനസ്സിന്റെ മണിചെപ്പിൽ സൂക്ഷിച്ചു. എന്നും ആ വരികളിലൂടെ കണ്ണോടിച്ചിരുന്നു.

പിന്നീട്, അവൾ ഡയറി വീണ്ടും ചോദിച്ചു വാങ്ങി.

ഇനിയും ഹൃദയരക്തം കൊണ്ട് എഴുതാനിടയുള്ള വാക്കുകൾ മനസ്സിൽ താലോലിച്ചു കൊണ്ടവൻ അവളെ തേടിച്ചെന്നു. ഉദ്വേഗത്തോടെ സെപ്റ്റംബർ മൂന്നാം നാളിന്റെ താളിന് വേണ്ടി പരതി.

അതിൽ അങ്ങനെയൊരു പേജുതന്നെയില്ലായിരുന്നു!

പിന്നീടൊരിക്കൽ അവൻ മറ്റൊരു

നാല് പെൺകുട്ടികളെ പ്രേമിച്ചിരുന്നു. അതിൽ മൂന്നുപേരുടെ വിവാഹം കഴിഞ്ഞു. ഒരാൾ.....!"

വാക്കുകൾ മുഴുവിപ്പിക്കുന്നതിനു മുമ്പേ അവൻ സുഹൃത്തിന്റെ തോളി

പ്രീഡിഗ്രി ഒന്നാം വർഷം

ഷഹനാസ്

# സ്വപ്നത്തിലെ മതിലുകളും യുദ്ധങ്ങളുടെ ശേഷിപ്പുകളും

അവളും ഉമ്മാമയും ഒറ്റക്കായിരുന്നു താമസം. മഴക്കാലത്ത് മേൽക്കൂര ചോർന്നൊലിക്കുമ്പോൾ ആ വിടവ് കഴിഞ്ഞവർഷം തന്നെ ഉള്ളതായിരുന്നുവെന്നും അല്ലെന്നും പറഞ്ഞ് അവർ തർക്കിച്ചു. കാലം ഉമ്മാമയുടെ ഓർമകളെ മായ്ച്ചുകഴിഞ്ഞിരുന്നതിനാൽ ഭൂതകാലമോ, പുറംലോകവുമായി അധികം ബന്ധമില്ലാത്തതിനാൽ വർത്തമാനകാലമോ അവരെ അലട്ടിയിരുന്നില്ല. ഉമ്മാമയുടെ ചുരുക്കം ചില വിഷയങ്ങളിലൊന്നായിരുന്നു യുദ്ധങ്ങൾ. അതും പുണ്യയുദ്ധങ്ങൾ. കുട്ടിക്കാലത്ത് ആരോ പറഞ്ഞുകൊടുത്ത നബിയുടെ പുണ്യയുദ്ധങ്ങളെകുറിച്ച് അവർ വീണ്ടും വീണ്ടും പറയുന്നു. ഉമ്മാമയുടെ വാക്കുകൾക്ക് വ്യക്തത പോരാഞ്ഞതിനാലും യുദ്ധങ്ങൾക്ക് അവളെ വശീകരിക്കാൻ തക്ക ആകർഷണീയത ഇല്ലാത്തതുകൊണ്ടും അവൾ അവയെക്കുറിച്ച് ചിന്തിച്ചതേയില്ല.

ചായമിളകിപ്പോന്ന ജനലഴികളിൽ പിടിച്ച് അവൾ എന്നും അപ്പുറത്തെ ഖബർസ്ഥാനിലേക്ക് നോക്കിനിന്നു. ഉയരം കുറഞ്ഞ മതിൽ ഒരിക്കലും അവളുടെ കണ്ണുകളിൽ നിന്നും ഖബറുകളെ മറച്ചിരുന്നില്ല. പകൽ വെളിച്ചത്തിൽ നീണ്ടുനിവർന്നു കിടന്ന ഖബറുകളെ നോക്കിക്കൊണ്ട് അവൾ ദിവാസ്വപ്നങ്ങളിലേക്കൊഴുകിപ്പോയി.

സ്വർഗത്തിൻെറ പ്രകാശം വഹിക്കുന്ന ജിന്നുകളും ചുവന്നു തുടുത്ത രാജകുമാരന്മാരും ഹൂറികളും

അവൾ ഒറ്റക്ക് ചിരിച്ചു.

പഴകിക്കറുത്ത തടിബെഞ്ചിലിരുന്ന് കാലുതിരുമ്മുകയായിരുന്നു ഉമ്മാമ. അവളുടെ ചിരിക്കുന്ന മുഖത്തുനോക്കി ഉമ്മാമ പറഞ്ഞു:

"കാലം പോണതറീണില്ല. ൻെറ കുട്ടി വലുതായിരിക്കുണൂ". നീരുവറ്റി ഉണങ്ങിച്ചുങ്ങിയ കാലുകളിൽ വീണ്ടുമവർ തിരുമ്മാൻ തുടങ്ങി.

"..........വെയില് മുറ്റം കടന്നിരിക്കുണു. ഇനി ഇന്നാരും ഊഴംകാത്ത് നിക്ക്ണുണ്ടാവില്ല....."

രാവിലെ മുതൽ ഖബർസ്ഥാനി



ലെത്തുന്ന ഖബറുകളുടെ കണക്കെടുക്കുകയായിരുന്നു ഉമ്മാമ. മയ്യിത്തുകളുടെ എണ്ണം കുറയുമ്പോൾ ഒട്ടൊരു നഷ്ടബോധത്തോടെ ഉമ്മാമ പറയും.

"പണ്ടൊക്കെ എത്രണ്ടായിര്ന്ന്, മസൂരി പിടിച്ചതും ഒടിയൻ കേറീതും ഒക്കെയായിട്ട്.....അതിനും മുമ്പ് യുദ്ധങ്ങളില് മരിച്ചോര്ണ്ടായിര്ന്നീലേ.........."

വീണ്ടും യുദ്ധങ്ങളിലെത്തുമ്പോൾ അവൾ മുഖം തിരിക്കും.

ഒരിക്കൽ ഒരു സ്ഥിരം പകലിൻെറ തുടക്കത്തിലാണ് ഉമ്മാമയത് പറഞ്ഞത്.

"പിന്നാമ്പുറത്തെ മതില് പൊളിഞ്ഞിരിക്കുണു".

അവൾക്ക് അതൊരു കൗതുകമുള്ള വാർത്തയായിരുന്നു. അവൾ ജനലിലൂടെ പുറത്തേക്ക് നോക്കി. ഒരു ഭാഗം കല്ലുകളടർന്ന് വീണിരിക്കുന്നു. അടർന്നു വീണ കല്ലുകൾ സമനിരപ്പിൽ കിടന്ന് ഒരു വഴിപോലെ തോന്നിച്ചു. അപ്പുറത്തെ ഖബർസ്ഥാനിലേക്ക് ചെങ്കല്ലുകൾ പാകിയ ഒരു വഴി.

"ആരെക്കൊണ്ടാ ആ മതിലൊന്ന് കെട്ടിക്ക്യാ.........ആരെങ്കിലും ഈ വഴി വന്നാല് ആളെ ഏർപ്പാടാക്കാൻ പറയേര്ന്നു. കുറുക്കന്മാരെ ഓരികൊണ്ട് ഒറങ്ങാൻ തന്നെ പറ്റ്ണില്ല. അവറ്റാള് പൊളിഞ്ഞ ഭാഗത്തൂടെ അകത്ത് കേറിയാലത്തെ സ്ഥിതി........"ഉമ്മാമ പിറുപിറുത്തു കൊണ്ട് ചുമരുകളിൽ കൈതാങ്ങി അകത്തേക്ക് നടന്നുപോയി.

അവൾ ദൂരേക്ക് കണ്ണും നട്ടിരുന്നു.

മാനം ചുവന്നു തുടങ്ങിയിരുന്ന ഒരു നേരത്താണാ വൃദ്ധൻ വന്നത്. അവൾ പതിവുപോലെ ചാഞ്ഞു തുടങ്ങിയ വെയിലിനെ നോക്കി. സ്വപ്നം കാണുകയായിരുന്നു. പടികടന്നു വരുന്ന അയാളെ കണ്ടതും അവൾ അകത്തേക്കോടി. "ഉമ്മാമാ.........ഒരാള് വര്ണ്ണ്ട്. മതിലിൻെറ കാര്യം അയാളോട് പറഞ്ഞേൽപിക്കാം......"

ചുമരുകളിൽ തപ്പിപ്പിടിച്ചുകൊണ്ട് ഉമ്മാമ പുറത്തേക്കിറങ്ങി വന്നു. മുറ്റം മുഴുവൻ കണ്ണുകൾ പായിച്ചു കൊണ്ടവർ പറഞ്ഞു. "ഇവിടൊന്നും ആരേം കാണ്ണില്ലല്ലോ കുട്ട്യേ....."

മുറ്റം മുതൽ കണ്ണെത്തുന്ന ദൂരം വരെ ആരുമുണ്ടായിരുന്നില്ല. അവൾ അത്ഭുതത്തോടെ വിരൽ കടിച്ചു. "പിന്നെ ഞാൻ കണ്ടതോ?"

"ഈ വയ്യാത്ത കാലത്ത് വെറുതെ നടത്തിക്കല്ലേ കുട്ട്യേ..."

ഉമ്മാമ അകത്തേക്ക് കയറിപ്പോയി.

പിറ്റേന്നും അവളയാളെ കണ്ടു.

ജനലിലൂടെ പുറത്തേക്ക് നോക്കുമ്പോൾ പൊളിഞ്ഞ മതിലിൻെറയടുത്ത് നിൽക്കുകയായിരുന്നു അയാൾ. ഉമ്മാമ അയാളെ കണ്ടിരിക്കുമെന്നും മതിലിൻെറ കാര്യം പറഞ്ഞിരിക്കു



മെന്നും അവളൂഹിച്ചു. അവൾ പുറത്തേക്ക്, അയാളുടെ അടുത്തേക്ക് ഇറങ്ങിച്ചെന്നു.

"പഴയ മതിലാണ്. ഉറപ്പു കുറവായിരിക്കും." അവൾ പറഞ്ഞു. അയാൾ അവളുടെ മുഖത്തേക്ക് നോക്കി ഒന്ന് ചിരിക്കുക മാത്രം ചെയ്തു. നീണ്ടു വെളുത്ത താടി നെഞ്ചിനു താഴേക്ക് തൂങ്ങി നിന്നിരുന്നു. കല്ലുകൾക്ക് മുകളിലൂടെ അയാൾ അപ്പുറത്തേക്ക് നടന്നു. ഖബറുകൾക്കരികിൽ വളർന്നു നിന്നിരുന്ന മൈലാഞ്ചിച്ചെടികളേയും കടന്ന് അയാൾ നടന്നുപോയി. അയാൾ ഇനിയും വരും എന്നവൾക്കുറപ്പുണ്ടായിരുന്നു. എന്നാൽ അയാൾ പോവുമ്പോൾ അങ്ങനെ പറഞ്ഞോ എന്നവൾ സംശയിച്ചു. പിന്നെയും കുറേക്കാലം കഴിഞ്ഞ് പൊളിഞ്ഞ മതിലിനെ ഏറെക്കുറെ മറന്നിരുന്ന ഒരു സമയത്താണ് വൃദ്ധൻ വീണ്ടും വന്നത്. മൈലാഞ്ചിച്ചെടിയിൽ ഒരു കൈ താങ്ങി നിൽക്കുകയായിരുന്നു അവൾ. അവൾക്കു മുന്നിൽ സഹതാപം തോന്നിക്കുന്ന കൂനുമായി അയാൾ നിന്നു. നരച്ച് വെളുത്ത് മഞ്ഞുപോലിരുന്ന താടി അയാളുടെ കാലടികളേയും കടക്കാനൊരുങ്ങി നിന്നു. കണ്ണുകളിൽ അഗാധമായ ഒരു ഭാവത്തോടെ അയാൾ ചോദിച്ചു. "കുട്ടി യുദ്ധങ്ങളെ കുറിച്ച് കേട്ടിരിക്കുന്നോ?"

അവൾ ഒന്നു ഞെട്ടി. പത്തായത്തിനു മുകളിൽ കാലും നീട്ടിയിരുന്ന ഉമ്മാമ പടപ്പാട്ടുകൾ പാടുന്നത് അവളോർത്തു. എന്നും രണ്ടെണ്ണത്തിലൊതുങ്ങിയിരുന്നു അവ. പുതുതായി സ്കൂളിൽ ചേർത്ത കുട്ടിയെപ്പോലെ ഉമ്മാമ അത് രണ്ടും ആവർത്തിച്ചാവർത്തിച്ച് ചൊല്ലിക്കൊണ്ടേയിരുന്നു.

അത്രമാത്രമേയുള്ളോ, യുദ്ധങ്ങൾ ?

നോക്ക്, ഞാൻ കുറേ ആൾക്കാര് മരിക്കുന്ന യുദ്ധങ്ങളില്ലേ? അവയെ കുറിച്ചാണ് ചോദിച്ചത്.

അവളയാളുടെ മുഖത്തേക്ക് ഒട്ടുനേരം നോക്കി.

ചുറ്റുമുള്ള ഖബറുകൾക്കു മീതെ മീസാൻ കല്ലുകൾ പ്രൗഢിയോടെ ഉയർന്നു നിന്നിരുന്നു. അവക്കു നേരെ കൈചൂണ്ടിക്കൊണ്ട് അവൾ പറഞ്ഞു.

"അതൊക്കെ എൻെറ ഉപ്പയുപ്പാപ്പമാരാണ്..."

"എൻെറ മക്കളും പേരമക്കളും-" വൃദ്ധൻ മെല്ലെ ചിരിച്ചു.

"........യുദ്ധത്തിൽ മരിച്ചവർ". അവൾ

പറഞ്ഞു "അവരുടെ ശേഷിപ്പുകളാണ് ഞാനും ഉമ്മാമയുമൊക്കെ. അവരിൽ നിന്ന് ഞങ്ങളുണ്ടായി, ഇനി ഞങ്ങളിൽ നിന്ന് വേറെ പലരുമുണ്ടാവും" അവൾ പറഞ്ഞു കൊടുത്തു.

വൃദ്ധൻെറ കണ്ണുകൾ ചെറുതായിച്ചെറുതായി വന്ന് ഒരു പൊട്ടിച്ചിരിയിൽ വിലയം പ്രാപിച്ചു.

" നീ നല്ല കുട്ടിയാണ്". വൃദ്ധൻ പറഞ്ഞു. "നീ എൻെറ കൂടെ വരുന്നോ"? "ഇല്ല, ഉമ്മാമ ഒറ്റക്കാകില്ലേ?" അവൾ പറഞ്ഞു.

"ഞാൻ വീണ്ടും വരാം" വൃദ്ധൻ പ്രതീക്ഷയിൽ ചിരിച്ചു.

മൈലാഞ്ചിച്ചെടികൾ വകഞ്ഞു മാറ്റി അവൾ പുറത്തു കടന്നു. പുറകിൽ കൈകൾ കൊമ്പുകളായി മാറി. കാൽ വിരലുകൾ വേരുകളായി മണ്ണിലാഴ്ന്നിറങ്ങി. കാറ്റിൽ ഉയർന്നു പൊങ്ങി കൈകളിൽ ചുറ്റിപ്പിണഞ്ഞ താടി ഇലകളായി വിഘടിച്ചു വന്നു.

ഓട്ടു വിളക്കിൻെറ നനുത്ത പ്രകാശത്തിലിരുന്ന് അവൾ ഉമ്മാമക്ക് കഥകൾ പറഞ്ഞു കൊടുത്തു. വെളുത്ത് മഞ്ഞ് പോലുള്ള താടിയും ചിരിക്കുന്ന കണ്ണുകളും മറ്റും മറ്റും. ഒരു കൈ വായക്കു മീതെ വച്ച് അടഞ്ഞ കണ്ണുകളുമായി കാൽ നീട്ടിയിരുന്ന് ഉമ്മാമ കഥകൾ കേട്ടു.

"യുദ്ധങ്ങളെകുറിച്ചും കൂടി ചോദിച്ചു." അവൾ പറഞ്ഞു. "ങ്ഉം........." ഉമ്മാമ മൂളി.

"യുദ്ധങ്ങള് കണ്ടിരിക്കുണോ? നീണ്ട നിശ്ശബ്ദതക്കൊടുവിൽ ഉമ്മാമ ചോദിച്ചു. അവൾ ഒന്നും പറഞ്ഞില്ല.

"എനിക്കും കാണണം, അയാളെ" ഉമ്മാമ അവളുടെ മുഖത്തേക്ക് നോക്കി. അവൾ സന്തോഷത്തോടെ തലയാട്ടി.

മൈലാഞ്ചിച്ചെടികൾക്കു ചുവടെ അവർ കാത്തിരുന്നു. നിമിഷങ്ങൾ കട്ടികൂടി ദിവസങ്ങളായി മാറി. മൈലാഞ്ചിച്ചെടികൾ ഇലകൾ പൊഴിച്ചു കൊണ്ടിരുന്നു. ഇലകൾ അവിശ്വസനീയമാം വിധം പച്ചയായിരുന്നു. അവൾക്കു മുഷിഞ്ഞു തുടങ്ങിയിരുന്നു. ഉമ്മാമ ഒരു നവാഗത നായികയെപ്പോലെ ഉൻമേഷത്തോടെയിരുന്നു. താഴെ വീണ ഇലകൾ ജീർണ്ണിച്ചു മണ്ണാവുകയും പൊടിയായി കാറ്റിൽ പറന്നു പോകുകയും ചെയ്തു. പിന്നെയും കുറെക്കഴിഞ്ഞ് മഴക്ക് മുമ്പാണ് വൃദ്ധൻ വന്നത്. അവൾ ക്ഷമയറ്റ് ഉറങ്ങിക്കഴിഞ്ഞിരുന്നു. ഉമ്മാമ പ്രതീക്ഷയോടെ കാത്തിരുന്നു. പിന്നിലെ ഇലപൊഴിച്ചു കൊണ്ടിരുന്ന മൈലാഞ്ചി മരത്തിൻെറ ബാക്കി ഇലകൾ താടിയും കൊമ്പുകൾ കൈകളും വേരുകൾ കാൽവിരലുകളുമായി മാറി. പക്ഷേ, നരച്ച് വെളുത്ത താടി പഴയതിൽ നിന്നും വളരെ കുറഞ്ഞിരുന്നു. അവൾ പറഞ്ഞ കഥകളോട് പൊരുത്തപ്പെടീക്കാനാവാതെ ഉമ്മാമ ചിന്താകുലയായി നിൽക്കവെ അത് വീണ്ടും വളർന്ന് നിലംതൊട്ടു.

ഉമ്മാമ സംതൃപ്തിയോടെ ചിരിച്ചു. അവളപ്പോഴുമുറങ്ങുകയായിരുന്നു വൃദ്ധൻ ചോദിച്ചു:



"നീ യുദ്ധങ്ങളെ കുറിച്ച് കേട്ടിരിക്കുന്നുവോ?"

"അൽപം മാത്രം" ഉമ്മാമ പറഞ്ഞു.

"അവക്കു പറയാൻ കഴിയുന്നവ മാത്രം." ഉമ്മാമ ഉയർന്നു നിന്ന മീസാൻ കല്ലുകളിലേക്ക് കൈ ചൂണ്ടി.

"അവർ നിൻെറ ആരാണ്?" വൃദ്ധൻ ചോദിച്ചു.

"മക്കളും പേരമക്കളും" ഉമ്മാമ കണ്ണീർ തുടച്ചു.

വൃദ്ധൻ ആലോചനയിൽ മുഴുകി പിന്നെ ചോദിച്ചു: "നീ എൻെറ കൂടെ വരുന്നോ?"

"വരാം." ഉമ്മാമ കണ്ണുകൾ പകുതിയടച്ചു.

"അപ്പോഴവളോ?"

"മരണം കാത്തിരിക്കുന്നവരിൽ നിന്നും പിറക്കാനിരിക്കുന്നവരിലേക്ക് ജീവൻ വഹിക്കപ്പെടും." ഉമ്മാമ കണ്ണുകൾ മുഴുവനായടച്ചു.

പഴയതു പോലെ കൈകൾ കൊമ്പുകളായും കാൽ വിരലുകൾ വേരുകളായും മാറി.

ഉമ്മാമ ഒരു പ്രതിമയാവുകയും അത് പൊടിഞ്ഞ് മരത്തിൻെറ ചുവട്ടിൽ ഒരു കൂനയായി മാറുകയും ചെയ്തു. പിന്നെ അവ വേരുകളിലൂടെ മുകളിലേക്ക് കയറിപ്പോയി. പിന്നീടാണവൾ കണ്ണ് തുറന്നത്.

കരിയിലകൾ പാറിപ്പോയിരുന്നു. പുതുമുളകൾ വളരാനൊരുങ്ങി നിന്നു. മൈലാഞ്ചി നിറയെ പൂ ത്തിരിക്കുന്നു. അവൾ ഒട്ടുനേരം കരഞ്ഞു. പിന്നെ മൈലാഞ്ചിച്ചെടികൾ വകഞ്ഞു മാറ്റി പുറത്തേക്ക് നടന്നു. ■